2024
JANUARY
28
SUNDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേന്ദ്ര ഇടപെടൽ: ഗവർണർക്ക് ഇനി സിആർപിഎഫ് സെഡ് പ്ലസ് സുരക്ഷ

**കൊല്ലം:** എസ്എഫ്ഐ പ്രവർത്തകർ കരിങ്കൊടി കാണിച്ചതിനെ തുടർന്ന് റോഡരികിലിരുന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രതിഷേധിച്ച സംഭവത്തിനു പിന്നാലെ ഗവർണർക്ക് സിആർപിഎഫ് കമാൻഡോകളുടെ സെഡ് പ്ലസ് സുരക്ഷ നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. രാജ്ഭവനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇക്കാര്യമറിയിച്ചു.

നിലവിൽ കേരള പൊലീസാണ് ഗവർണർക്ക് സുരക്ഷയൊരുക്കുന്നത്. സെഡ് പ്ലസ് സുരക്ഷയാകുന്നതോടെ 55 അംഗ സുരക്ഷാ സേനയ്ക്കാകും ഗവർണറുടെ സുരക്ഷാ ചുമതല. ഇതിൽ പത്തിലേറെ കമാൻഡോകളും ഉൾപ്പെടുന്നു. അഞ്ചിലേറെ ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ അടങ്ങിയ വാഹനവ്യൂഹവും ഗവർണർക്ക് അകമ്പടി സേവിക്കും.

കൊല്ലത്തെ പ്രതിഷേധ സംഭവത്തെക്കുറിച്ച് പ്രധാനമന്ത്രിയുടെ ഓഫിസിൽനിന്നും ഗവർണറെ ഫോണിൽ വിളിച്ച് കാര്യങ്ങൾ തിരക്കിയതായി രാജ്ഭവൻ വൃത്തങ്ങൾ അറിയിച്ചു. ഉപരാഷ്ട്രപതി ജഗ്ധീപ് ധൻകർ, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവരും ഗവർണറെ ഫോണിൽ വിളിച്ച് കാര്യങ്ങൾ തിരക്കി.

റോഡരികിലിരുന്നുള്ള പ്രതിഷേധത്തിനിടെ തന്നെ കേന്ദ്ര അഭ്യന്തരമന്ത്രിയുടെ സെക്രട്ടറിയെ വിളിച്ച് കാര്യങ്ങൾ ധരിപ്പിച്ചിരുന്നു. പ്രധാനമന്ത്രിയുടെ ഓഫിസിലും കാര്യങ്ങൾ അറിയിച്ചു. ഇതിനു പിന്നാലെയാണ് കേന്ദ്ര ഇടപെടൽ. എസ്എഫ്ഐ പ്രവർത്തകർക്കെതിരെ റജിസ്റ്റർ ചെയ്ത എഫ്ഐആറിന്റെ വിശദാംശങ്ങൾ കേന്ദ്രത്തിന് രാജ്ഭവൻ കൈമാറി. സംഭവവികാസങ്ങളെക്കുറിച്ച് കേന്ദ്രത്തിനു റിപ്പോർട്ടു നൽകുമെന്നും ഗവർണർ അറിയിച്ചു.

കൊല്ലം നിലമേലിൽ പ്രകടനം നടത്തിയ എസ്എഫ്ഐക്കാരെ അറസ്റ്റു ചെയ്യാത്തതിലാണ് കാറിൽ നിന്നിറങ്ങി കസേരയിട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ പ്രതിഷേധിച്ചത്. പൊലീസിനെ രൂക്ഷഭാഷയിൽ ശകാരിക്കുകയും ചെയ്തു. 12 പേരെ അറസ്റ്റു ചെയ്തെന്നു പൊലീസ് പറഞ്ഞെങ്കിലും ഏകദേശം അൻപതോളം പേരുണ്ടായിരുന്നെന്നും അവരെയെല്ലാം അറസ്റ്റു ചെയ്യണമെന്നും ആവശ്യപ്പെട്ടായിരുന്നു ഗവർണറുടെ പ്രതിഷേധം.

## മണിപ്പുരിൽ ഭരണം പിടിച്ച് മെയ്തെയ്

**കൊൽക്കത്ത:** മണിപ്പുരിൽ ഇംഫാൽ താഴ്വരയുടെ നിയന്ത്രണം മെയ്തെയ് തീവ്രസംഘടനയായ 'ആരംഭായ് തെംഗോലി'ന്റെ കൈകളിലേക്ക്. ഇംഫാൽ താഴ്വരയിലൂടെ തുറന്ന വാഹനങ്ങളിൽ ആയുധങ്ങളുമായി പരേഡ് നടത്തുന്ന ആരംഭായ് തെംഗോലിനൊപ്പം നിരോധിത മെയ്തെയ് സംഘടനകളുടെ അണികളും ചേർന്നതോടെ മണിപ്പുരിൽ സ്ഥിതി സ്ഫോടനാത്മകമായി. സംസ്ഥാന സർക്കാർ വെറും കാഴ്ചക്കാരായി.



മെയ്തെയ് വിഭാഗത്തിൽപ്പെട്ട മന്ത്രിമാരെയും നിയമസഭാംഗങ്ങളെയും ഇംഫാൽ നഗരത്തിലെ കാംഗ്ല കോട്ടയിൽ ഭീഷണിപ്പെടുത്തി എത്തിച്ച ആരംഭായ് തെംഗോൽ മണിപ്പുരിന്റെ പ്രാദേശിക അഖണ്ഡത കാത്തുസൂക്ഷിക്കുമെന്ന് സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചു. മണിപ്പുരിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണം ബിജെപി സർക്കാർ ആണെന്നു പറഞ്ഞതിന് സംസ്ഥാന കോൺഗ്രസ് അധ്യക്ഷനും എംഎൽഎയുമായ കെ.മേഘചന്ദ്രയെ മർദിച്ചു. ഇത് തടയാനെത്തിയ 2 എംഎൽഎമാർക്കും മർദനമേറ്റു.

ആരംഭായ് തെംഗോലും നിരോധിത ഭീകരസംഘടനകളും കുക്കി തീവ്രവാദ മേഖലകളിൽ ആക്രമണം നടത്താൻ ഒരുങ്ങുന്ന സാഹചര്യത്തിൽ ബഫർ സോണിൽ അസം റൈഫിൾസ് കൂടുതൽ സേനാവിന്യാസം നടത്തി. അക്രമത്തിനൊരുങ്ങുന്നതിന്റെ വിഡിയോ സായുധസംഘടനകൾ സമൂഹമാധ്യമത്തിൽ പ്രചരിപ്പിക്കുകയും ചെയ്തു.കുക്കിഭീകര സംഘടനകളുമായുള്ള സമാധാനക്കരാർ പിൻവലിക്കുന്നതിനും അസം റൈഫിൾസിനെ പിൻവലിക്കുന്നതിനും പാർട്ടി വ്യത്യാസമില്ലാതെ എല്ലാ എംഎൽഎമാരും പ്രവർത്തിക്കുമെന്നും സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചു. സുരക്ഷാ ഉദ്യോഗസ്ഥരെ ഒഴിവാക്കിയാണ് മന്ത്രിമാർ ഉൾപ്പെടെയുള്ളവരെ കോട്ടയിൽ എത്തിച്ചത്. ബിജെപിയുടെ 25 എംഎൽഎമാരും കോൺഗ്രസിന്റെ 5 പേരും എൻപിപിയുടെ 4 പേരും ജനതാദൾ യുവിന്റെ 2 പേരും യോഗത്തിൽ പങ്കെടുത്തു. നാഗാ എംഎൽഎമാർ വിട്ടുനിന്നു. കേന്ദ്രമന്ത്രി ആർ.കെ.രഞ്ജൻ സിങ്ങും സനാജോബ ലെയ്ഷംബ എംപിയും യോഗത്തിൽ പങ്കെടുത്തു. യോഗത്തിന്റെ മിനിറ്റ്സിൽ മുഖ്യമന്ത്രി ബിരേൻ സിങ്ങും ഒപ്പിട്ടു.

## മൊബൈൽ ഫോൺ വിൽപ്പന 52% ഉയർന്നു: കരുത്താർജിച്ച് സാമ്പത്തികരംഗം

**കൊച്ചി:** സേവന, ധനകാര്യ മേഖലകളിലെ മികച്ച പ്രകടനത്തിൻറെ കരുത്തിൽ ഇന്ത്യൻ സാമ്പത്തിക മേഖല വൻമുന്നേറ്റം തുടരുന്നു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ജർമനിയെയും ജപ്പാനെയും മറികടന്ന് ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകുമെന്ന് പ്രമുഖ ആഗോള ധനകാര്യ എസ് ആൻഡ് പി ഗ്ളോബൽ പ്രവചിക്കുന്നു. ചൈനയ്ക്ക് ബദലായുള്ള ഉത്പാദന കേന്ദ്രമായി ഇന്ത്യ മാറുകയാണെന്നാണ് പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്.

ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 27 ശതമാനം വർധന നേടിയിരുന്നു.ഇക്കാലയളവിൽ രണ്ടായിരം കോടി രൂപയുടെ ഇലക്ട്രോണിക്സ് ഉത്പന്നങ്ങളാണ് ഇന്ത്യ കയറ്റിഅയച്ചത്. പ്രധാനമായും ആപ്പിളിൻറെ ഐ ഫോണുകളുടെ വിൽപ്പനയിലാണ് വലിയ മുന്നേറ്റമുണ്ടായത്. മൊബൈൽ ഫോണുകളുടെ വില്പന 52 ശതമാനം ഉയർന്ന് 1050 കോടി ഡോളറിലെത്തി. ഡിസംബറിൽ മാത്രം 700 കോടി ഡോളർ കയറ്റുമതി വരുമാനമാണ് ഐ ഫോണുകളുടെ കയറ്റുമതിയിൽ നിന്ന് ലഭിച്ചത്.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഉത്പാദന ബന്ധിത ആനുകൂല്യ പദ്ധതിയുടെ വിജയമാണ് ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുടെ കയറ്റുമതി മേഖലയ്ക്ക് ലഭിക്കുന്നത്. ആപ്പിളിന് വേണ്ടി കരാറനുസരിച്ച് ഐ ഫോൺ നിർമിക്കുന്ന ഫോക്സ്കോൺ, പെഗാട്രോൺ, ടാറ്റയുടെ ഉടമസ്ഥതയിലുള്ള വിസ്ട്രോൺ എന്നിവയാണ് വലിയ തോതിൽ മൊബൈൽ ഫോണുകൾ ഇന്ത്യയിൽ നിന്ന് കയറ്റി അയക്കുന്നത്.

ഇന്ത്യ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷൻറെ കണക്കുകളനുസരിച്ച് രാജ്യത്തെ ഏറ്റവും മികച്ച പത്ത് പ്രധാന ഉത്പന്നങ്ങളുടെ ശേണിയിലേക്ക് ഇലക്ട്രോണിക്സ് ഗാഡ്ജറ്റുകൾ മാറുകയാണ്. ആപ്പിൾ ഉൾപ്പെടെയുള്ള ആഗോള മേഖലയിലെ മുൻനിര കമ്പനികൾ ഇന്ത്യയിലേക്ക് മൂലധന നിക്ഷേപം ഒഴുക്കുകയാണ്.

കൊവിഡ് രോഗ വ്യാപനത്തിനു ശേഷം പശ്ചാത്യ രാജ്യങ്ങളിലെ കമ്പനികൾക്ക് ചൈനപ്പേടി കൂടിയതോടെ അവിടെ നിന്നും വലിയ തോതിൽ വ്യവസായ നിക്ഷേപം ഇന്ത്യയിലേക്ക് നീങ്ങുന്നു. കമ്പനികളുടെ പ്രവർത്തനക്ഷമത കൂടുന്നതും സ്ട്രക്ചറൽ മാറ്റങ്ങളും റിസ്ക് നേരിടാനുള്ള ശേഷി കൂടുന്നതും ഇന്ത്യയുടെ അനുകൂല ഘടകങ്ങളാണെന്ന് എസ് ആൻഡ് പി ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞ മാസം രാജ്യത്തെ ചരക്ക് സേവന നികുതി (ജി.എസ്.ടി) വരുമാന സമാഹരണം 1.6 ലക്ഷം കോടി രൂപയ്ക്ക് മുകളിലെത്തിയിരുന്നു.നടപ്പു സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജി.ഡി.പി വളർച്ച 6.7 ശതമാനമായി ഉയരുമെന്നാണ് പ്രമുഖ രാജ്യാന്തര ധനകാര്യ ഏജൻസിയായ മൂഡീസ് പ്രവചിക്കുന്നത്.





കൊച്ചിയിൽ നടക്കുന്ന ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ന്റെ ദേശീയ സമ്മേളനം ' പെഡിക്കോൺ2024 'ൽ കുട്ടികളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഇന്നലെ നടന്ന ചർച്ചയുടെ സമാപനത്തിൽ ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ.ജി.വി ബസവരാജ് സംസാരിക്കുന്നു.ഡോ. ആർ. രമേഷ്കുമാർ, ഡോ.ഓംശങ്കർ,ഡോ. രാമകൃഷ്ണ, ഡോ. യോഗേഷ് പാരിഖ്, ഡോ. നേഹാ പട്ടേൽ, ഡോ. സോമശേഖർ രാമസ്വാമി തുടങ്ങിയവർ സമീപം

### ‘പെഡിക്കോൺ2024 ’ ഇന്ന് സമാപിക്കും

# ആഗോളതാപനം കുട്ടികളിൽ ശ്വാസകോശ രോഗങ്ങൾ വർധിപ്പിക്കുന്നു: ഐ.എ.പി

**കൊച്ചി:**ആഗോളതാപനത്തിന്റെ പ്രത്യാഘാതം മൂലം കുട്ടികളിൽ ശ്വാസകോശ രോഗങ്ങൾ അനുദിനം വർധിച്ചുവരികയാണെന്ന് ശിശുരോഗ വിദഗ്ദർ. ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്(ഐ.എ.പി)ന്റെ കൊച്ചിയിൽ നടക്കുന്ന 61 ാമത് ദേശീയ സമ്മേളനം ' പെഡിക്കോൺ2024 ' ൽ നടന്ന ചർച്ചയിലാണ് ശിശുരോഗ വിദഗ്ദർ ഇക്കാര്യം വ്യക്തമാക്കിയത്. ആഗോളതാപനവും വായുമലിനീകരണവും മൂലം കുട്ടികളിൽ അലർജി രോഗങ്ങൾ വർധിക്കുകയാണ്. ആസ്മ, അലർജി റൈനിറ്റിസ് (മൂക്കൊലിപ്പ്), ചൊറിച്ചിൽ ഉൾപ്പെടെയുള്ള രോഗങ്ങൾ മുമ്പില്ലാത്ത വിധം കുട്ടികളിൽ ഏറിവരികയാണെന്നും ശിശുരോഗ വിദഗ്ദർ വ്യക്തമാക്കി.

കുട്ടികളിലുണ്ടാകുന്ന രോഗങ്ങളിൽ 50 ശതമാനത്തിലധികവും പ്രകൃതിയുമായി ബന്ധപ്പെട്ടാണെന്നാണ് ലോകാരോഗ്യ സംഘടന അഭിപ്രായപ്പെട്ടിരിക്കുന്നത്. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും കുട്ടികളെയാണ് ഏറ്റവും അധികം പ്രതികൂലമായി ബാധിക്കുന്നത്. വർഷം തോറും ചൂടിന്റെ തോത് ഉയർന്നുകൊണ്ടിരിക്കുകയാണ്. 2050 ഓടുകൂടി നിലവിലേതിൽ നിന്നും അഞ്ചു ശതമാനം അധികം ചൂടായിരിക്കും ഭൂമിയിൽ ഉണ്ടാകുകയെന്നും സമ്മേളനത്തിൽ പങ്കെടുക്കുന്ന ശിശുരോഗ വിദഗ്ദർ വിലയിരുത്തി. പ്രകൃതിയെ സംരക്ഷിച്ചാൽ മാത്രമെ കുട്ടികളുടെ ആരോഗ്യവും സംരക്ഷിക്കാൻ സാധിക്കു. അതിനാൽ കുട്ടികളുടെ ആരോഗ്യത്തിനൊപ്പം തന്നെ പ്രകൃതി സംരക്ഷണവും അനിവാര്യമാണെന്നും സമ്മേളനം വിലയിരുത്തി. കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് മുലപ്പാൽ അതിപ്രധാനമാണെന്നും ശിശുരോഗ വിദഗ്ദർ ചൂണ്ടിക്കാട്ടി. കുട്ടികൾക്ക് വലിയ പ്രതിരോധശക്തിയാണ് മുലപ്പാൽ സമ്മാനിക്കുന്നത്.

ഇത് തിരിച്ചറിഞ്ഞ് അമ്മമാർ കുഞ്ഞുകളെ കൃത്യമായി മുലയൂട്ടണമെന്നും മുലയൂട്ടലിന്റെ പ്രാധാന്യം പ്രചരിപ്പിക്കണമെന്നും ശിശുരോഗ വിദഗ്ദർ ചൂണ്ടിക്കാട്ടി. കൗമാരക്കാർ നേരിടുന്ന ശാരീരികവും മാനസികവുമായി പ്രശ്നങ്ങളും സമ്മേളനം വിശദമായി ചർച്ച ചെയ്തു. കൗമാരക്കാരിൽ ആരോഗ്യപരമായ മാനസിക വികാസത്തിന് ഏറെ പ്രധാന്യമുണ്ടെന്നും ഇതിന് അനുയോജ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്നും സമ്മേളനം വിലയിരുത്തി.കുട്ടികൾക്കെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങളിൽ സമ്മേളനം ആശങ്ക പ്രകടിപ്പിച്ചു.ആക്രമണങ്ങൾ ദൂരവ്യാപകമായ ഭവിഷ്യത്തുകളാണ് കുട്ടികളിൽ സൃഷ്ടിക്കുന്നത്.ഇത് തടയുന്നതിന് ഐ.എ.പിക്ക് എന്ത് പങ്കു വഹിക്കാനാകുമെന്നതിനെക്കുറിച്ചും സമ്മേളനം ചർച്ച ചെയ്തു. നാലു ദിവസമായി നടന്നു വരുന്ന സമ്മേളനം ഇന്ന് (ജനുവരി 28 ) സമാപിക്കും.ആഗോള താപനവും കുട്ടികളുടെ ആരോഗ്യവും എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം.

ഗ്രാന്റ് ഹയാത്തിലെ 11 ഹാളുകളിലും കായലിൽ സജ്ജമാക്കിയിരിക്കുന്ന ഹൗസ് ബോട്ടിലുമായിട്ടാണ് ഏഴായിരത്തിലധം ശിശുരോഗ വിദഗ്ദർ പങ്കെടുക്കുന്ന സമ്മേളനവും സെമിനാറുകളും നടക്കുന്നത്.ഇന്ത്യ കൂടാതെ അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ നിന്നടക്കം 1200ലധികം ആരോഗ്യവിദഗ്ദരാണ് വിവിധ വിഷയങ്ങളിലായി സെമിനാറിന് നേതൃത്വം നൽകുന്നത്.

# തൈറോയ്ഡ് സർജറി ക്ലിനിക്കുമായി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**അങ്കമാലി:** തൈറോയ്ഡ് സർജറി ക്ലിനിക്കിന് തുടക്കമിട്ട് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. ടി.ജെ സനീഷ് കുമാർ എം.എൽ.എ ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. അങ്കമാലി അപ്പോളോ അഡ്‌ലക്സ് സി.ഇ.ഒ സുദർശൻ ബി, സി.ഒ.ഒ ഡോ. ഷുഹൈബ് ഖാദർ, എൻഡോക്രൈൻ കൺസൾട്ടന്റും ബ്രസ്റ്റ് ആൻഡ് തൈറോയ്ഡ് സർജനുമായ ഡോ. ഫെർഡിനന്റ്, ഡയറക്ടർ ഓഫ് മെഡിക്കൽ സർവീസസ് ഡോ. രമേശ് കുമാർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ദിനത്തിൽ എത്തിച്ചേർന്ന അൻപത് പേർക്ക് സൗജന്യ ഡോക്ടർ കൺസൾട്ടേഷന് പുറമെ ടി.എസ്.എച്ച് (തൈറോയ്ഡ് സ്റ്റിമുലേറ്റിങ്ങ് ഹോർമോൺ) ടെസ്റ്റും നടത്തി. ഫെബ്രുവരി 22 വരെ ഞായറാഴ്ചകളൊഴികെയുള്ള ദിവസങ്ങളിൽ സമഗ്ര തൈറോയ്ഡ് പരിശോധനയും സർജറി ക്യാംപും നടത്തും. ഉദ്ഘാടനത്തിന്റെ ഭാഗ



മായി സൗജന്യ കൺസൾട്ടേഷൻ, പ്രാഥമിക പരിശോധന, അൾട്രാസൗണ്ട് നെക്ക് ആൻഡ് ടി.എഫ്.ടി എന്നിവയ്ക്ക് 50 ശതമാനം ഡിസ്കൗണ്ട്, പ്രീസർജിക്കൽ ജി.എ വർക്ക് അപ്പ് 50 ശതമാനം ഡിസ്കൗണ്ട്, സർജറി ആവശ്യമെങ്കിൽ സർജറിക്ക് 30 ശതമാനം ഡിസ്കൗണ്ട് എന്നിവയും ക്യാംപ് ദിവസങ്ങളിൽ ലഭ്യമാണ്. പ്രീ ബുക്ക് ചെയ്ത് വരുന്നവർക്ക് സൗജന്യ ടി.എസ്.എച്ച് ടെസ്റ്റ്, സൗജന്യ കൺസൾട്ടേഷൻ എന്നിവയും വരും ദിവസങ്ങളിൽ നൽകും.പ്രീ ബുക്കിങ്ങിനായി: +919895207301.



കൊച്ചി കസ്റ്റംസ് ഹൗസ്, കമ്മീഷണറേറ്റ് ഓഫ് കസ്റ്റംസ് (പ്രിവന്റീവ്) എന്നിവർ സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര കസ്റ്റംസ് ദിനാചരണം കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എൻ. നഗരേഷ് ഉദ്ഘാടനം ചെയ്യുന്നു.കമ്മീഷണർ ഓഫ് കസ്റ്റംസ് (പ്രിവന്റീവ്) കെ.പത്മാവതി ഐ.ആർ.എസ്, കൊച്ചി കസ്റ്റംസ് ഹൗസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയ്ൻസ് ഐ.ആർ.എസ് സമീപം

# അന്താരാഷ്ട്ര കസ്റ്റംസ് ദിനാചരണം നടത്തി

**കൊച്ചി:** കൊച്ചി കസ്റ്റംസ് ഹൗസും കമ്മീഷണറേറ്റ് ഓഫ് കസ്റ്റംസും (പ്രിവന്റീവ്) സംയുക്തമായി അന്താരാഷ്ട്ര കസ്റ്റംസ് ദിനാചരണം സംഘടിപ്പിച്ചു. കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എൻ. നഗരേഷ് ഉദ്ഘാടനം ചെയ്തു. കമ്മീഷണർ ഓഫ് കസ്റ്റംസ് (പ്രിവന്റീവ്) കെ.പത്മാവതി ഐ.ആർ.എസ്, കൊച്ചി കസ്റ്റംസ് ഹൗസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയ്ൻസ് ഐ.ആർ.എസ് എന്നിവർ സംസാരിച്ചു.മികച്ച പ്രകടനം നടത്തിയ ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിക്കുകയും പ്രശംസാപത്രം സമ്മാനിക്കുകയും ചെയ്തു.

# ഫുഡ്സേഫ്ടി പരിശോധന പ്രഹസനം : കെ.എച്ച്.ആർ.എ

**കൊച്ചി:** ഹോട്ടലുകളിൽനിന്നുള്ള പാർസലുകളിൽ സ്റ്റിക്കർ പതിച്ചിട്ടുണ്ടോ എന്നുള്ള ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന ഹോട്ടലുകളിൽനിന്നും പിഴയീടാക്കാൻ മാത്രമായുള്ള പ്രഹസനമായി മാറുന്നുവെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. പാർസൽ ഭക്ഷണത്തിന്റെ കവറിനുമുകളിൽ പാക്ക് ചെയ്ത തീയതിയും, സമയവും രേഖപ്പെടുത്തിയില്ല എന്ന കാരണത്താലാണ് പിഴ ഈടാക്കുന്നത്. ഹോട്ടലുകളിൽനിന്നും പാർസൽ നൽകുമ്പോൾ നിശ്ചിത സമയപരിധിക്കകം കഴിക്കണമെന്ന സ്റ്റിക്കർ പാർസൽ കവറിന് മുകളിൽ പതിക്കുന്നുണ്ട്. കൂടാതെ ഹോട്ടലുകളിൽനിന്നും നൽകുന്ന ബില്ലിൽ സമയവും, തീയതിയും രേഖപ്പെടുത്തിയിട്ടുമുണ്ട്. മറ്റ് പാക്കറ്റ് പലഹാരങ്ങൾ പോലെയല്ല ഹോട്ടൽ ഭക്ഷണമെന്നും, അത് നിശ്ചിത സമയപരിധിക്കകം കഴിക്കേണ്ടതാണെന്ന് പൊതുവെ ഉപഭോക്താക്കൾ ബോധവാന്മാരുമാണ്. എന്നിട്ടും പാക്ക്ചെയ്ത തീയതിയും, സമയവും സ്റ്റിക്കറിൽ രേഖപ്പെടുത്തിയിട്ടില്ലാ എന്ന കാരണത്താൽ പിഴ ഈടാക്കുന്നത് സാമ്പത്തിക വർഷാവസാനം സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാനാണ് എന്ന് ഹോട്ടലുടമകൾ സംശയിക്കുന്നതിൽ ന്യായമുണ്ട്. വ്യാപാര മാന്ദ്യം നിലനിൽക്കുന്ന ഓഫ് സീസൺ സമയത്ത് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പാർസൽ സ്റ്റിക്കറിന്റെ പേരിലുള്ള അനാവശ്യപരിശോധനകൾ ഹോട്ടൽ മേഖലയെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന് സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.

# ഇൻവെന്റീവ് 2024:സാങ്കേതിക വിദ്യ കൈമാറ്റ കരാറിൽ ഒപ്പു വെച്ചു

**കൊച്ചി:** ഹൈദരാബാദ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏറ്റവും വലിയ ഗവേഷണ, വികസന ഇന്നൊവേഷൻ മേളയായ ഇൻവെന്റീവ് 2024ന്റെ രണ്ടാം പതിപ്പിൽ സാങ്കേതികവിദ്യ കൈമാറ്റ കരാറിന്റെ സുപ്രധാന കരാറിൽ ഒപ്പുവച്ചു.ഐഐടി ഹൈദരാബാദും ഇ സ്പിൻ നാനോ ടെക്കും തമ്മിലുള്ള കരാർ, സെല്ലുലോസ് അധിഷ്ഠിത നാനോഫൈബർ ഫെമിനിൻ ഹൈജീൻ ഉൽപ്പന്നങ്ങളുടെ വാണിജ്യപരമായ ഉപയോഗമാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത സ്ത്രീ ശുചിത്വ ഉൽപ്പന്നങ്ങളിൽ ജൈവ വിഘടനം സാധ്യമാകാത്ത സൂപ്പർ അബ്സോർബന്റ് പോളിമർ പാളിക്ക് പകരം പരിസ്ഥിതി സൗഹൃദ നാനോ ഫൈബറുകൾ നൽകുന്നതിലൂടെ, സാങ്കേതികവിദ്യ പരിസ്ഥിതി സൗഹൃദ വാണിജ്യവൽക്കരണത്തിന് ഒരുങ്ങുകയാണ്രാജ്യത്തിൻറെ വിദ്യാഭ്യാസ, നൈപുണ്യ വികസന, സംരംഭകത്വ കാഴ്ചപ്പാടുമായി തികച്ചും യോജിക്കുന്നതാണ് കരാറെന്നു അതിൽ ഒപ്പുവച്ച ഐഐടി ഹൈദരാബാദ് ഡയറക്ടർ പ്രൊഫ. ബി എസ് മൂർത്തിയും ഇസ്പിൻ നാനോടെക് ഡയറക്ടർ ഡോ.സന്ദീപ് പാട്ടീലും പറഞ്ഞു. സമാനതകളില്ലാത്ത ഗവേഷണത്തിലൂടെയും നവീകരണത്തിലൂടെയും പുരോഗതിയിലേക്ക് രാജ്യത്തെ വ്യവസായം മുന്നേറുകയാണെന്നും പ്രൊഫ. ബി എസ് മൂർത്തി അഭിപ്രായപ്പെട്ടു.



## വർമ്മ ഹോംസ് ലക്ഷറി പ്രൊജക്ട് കടവന്ത്രയിൽ നിർമ്മാണം തുടങ്ങി

കൊച്ചി: എറണാകുളം കടവന്ത്രിയിൽ  വർമ്മ ഹോംസിന്റെ പുതിയ ലക്ഷറി പ്രോജക്ടമായ വർമ്മ അർബൻ ഹൈറ്റ്സിന്റെ നിർമ്മാണത്തിന് തുടക്കമായി. പദ്ധതിയുടെ ശിലാസ്ഥാപനം വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ.അനിൽവർമ്മയുടെ സാന്നിധ്യത്തിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവ്വഹിച്ചു.മാനേജർ ഓപ്പറേഷൻസ് വൈശാഖ് വർമ്മ, മാനേജർ പ്ലാനിംഗ് ആരതി വർമ്മ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, സീനിയർ മാനേജർ പർച്ചേസ് രേഖാ പ്രമോദ്, മാനേജർ കസ്റ്റമർ കെയർ മിനു എം. നായർ, പ്രോജക്ട് ജനറൽ മാനേജർ  ബിന്ദു നൈനാൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കപിഡ് ലിമിറ്റഡിന്റെ ലാഭത്തിൽ 73 ശതമാനം വർധന

**കൊച്ചി.** മുൻനിര ഗർഭനിരോധന ഉറ നിർമ്മാതാക്കളായ കപിഡ് ലിമിറ്റഡ് സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ 8.8 കോടി രൂപ അറ്റാദായം നേടി. മുൻ വർഷം ഇതേ കാലയളവിലെ 5.11 കോടി രൂപയിൽ നിന്ന് 73 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. മൊത്തം പ്രവർത്തന വരുമാനം 34.46 കോടി രൂപയിൽ നിന്ന് 16 ശതമാനം വർധനയോടെ 40.05 കോടി രൂപയിലെത്തി. പലിശ, നികുതി, വായ്പാ തിരിച്ചടവ് തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയുള്ള വരുമാനം 5.22 കോടി രൂപയിൽ നിന്ന് 132 ശതമാനം വർധനയോടെ 12.15 കോടി രൂപയാണ്. പ്രധാന മേഖലകളിലെല്ലാം മികച്ച വളർച്ച കമ്പനി കൈവരിച്ചു. ഇത് തങ്ങളുടെ ബിസിനസ് തന്ത്രങ്ങളുടെ വിജയമാണെന്ന് കമ്പനി പറഞ്ഞു.

## ലക്ഷദ്വീപിൽ സ്വിഗ്ഗി പ്രവർത്തനമാരംഭിക്കുന്നു

**കൊച്ചി:** ലക്ഷദ്വീപിൽ സ്വിഗ്ഗി ഭക്ഷ്യ വിതരണ സേവനങ്ങൾ ആരംഭിക്കുന്നു. ദേശവ്യാപകമായി പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായാണിത്. റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് ലക്ഷദ്വീപിലെ അഗത്തിയിലാണ് സ്വിഗ്ഗി പ്രവർത്തനത്തിന് തുടക്കമിടുന്നത്. ഇതോടെ ലക്ഷദ്വീപിൽ  പ്രവേശിക്കുന്ന ആദ്യത്തെ ഓൺലൈൻ ഫുഡ് ഡെലിവറി പ്ലാറ്റ്ഫോമാകും സ്വിഗ്ഗി.   നാട്ടുകാർക്കും വിനോദസഞ്ചാരികൾക്കും മികച്ച പ്രാദേശിക റെസ്റ്റോറന്റുകളിൽ നിന്നുള്ള  ഭക്ഷണ ലഭ്യത  ഉറപ്പാക്കാനാണ് സ്വിഗ്ഗി ലക്ഷ്യമിടുന്നത്. പ്രാദേശിക റെസ്റ്റോറന്റുകളുടെ ശാക്തീകരണത്തിനും ഇതോടെ അവസരമൊരുങ്ങും.ദ്വീപിന്റെ മനോഹാരിതയ്ക്ക് മാനിച്ച് തികച്ചും  പരിസ്ഥിതി സൗഹൃദ സമീപനമാണ് പ്രവർത്തനങ്ങളിൽ സ്വിഗ്ഗി  സ്വീകരിക്കുന്നത്. എല്ലാ ഡെലിവറികളും സൈക്കിളിൽ മാത്രമായിരിക്കും. ആദ്യ തവണ സ്വിഗ്ഗി ഉപയോക്താക്കൾക്ക് 100 രൂപ വരെയുള്ള ഓർഡറുകൾക്ക് 50% കിഴിവ്, ആദ്യ ഓർഡറുകൾക്ക് സൗജന്യ ഡെലിവറി തുടങ്ങിയ പ്രത്യേക ലോഞ്ച് ഓഫറുകൾ ഉണ്ടാകും.ഉപയോക്താക്കൾക്ക് സമാനതകളില്ലാത്ത സൗകര്യങ്ങൾ നൽകുന്നതിന് തുടർച്ചയായി ശ്രമിക്കുന്നുണ്ടെന്ന് സ്വിഗ്ഗി ഫുഡ് മാർക്കറ്റ്പ്ലെയ്സ് നാഷണൽ ബിസിനസ് ഹെഡ് സിദ്ധാർഥ് ബക്കൂ പറഞ്ഞു. പ്രാദേശിക യുവാക്കൾക്ക് വരുമാന അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം പ്രാദേശിക റെസ്റ്റോറന്റുകളുമായി സഹകരിക്കാനും ബിസിനസ്സ് വിപുലീകരണത്തിൽ അവയെ പിന്തുണക്കാനും കഴിയുന്നതിൽ ചാരിതാർഥ്യമുണ്ടെന്നും സിദ്ധാർഥ് ബക്കൂ പറഞ്ഞു.

## ചങ്ങമ്പുഴയുടെ രമണൻ കഥാപ്രസംഗം ജനുവരി 30 ന്

**കൊച്ചി :** കാഥികൻ സൂരജ് സത്യൻ, ചങ്ങമ്പുഴയുടെ രമണൻ എന്ന കഥാ പ്രസംഗം കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ ജനുവരി 30 ചെവ്വാഴ്ച വൈകുന്നേരം 6 മണിക്ക്  അവതരിപ്പിക്കുന്നു. ആലപ്പി ഋഷികേശ്, സുശീലൻ പറവൂർ, ഗസൽ സോമൻ, സോമൻ കൊട്ടുവള്ളി എന്നിവർ പിന്നണിയിൽ പ്രവർത്തിക്കും. കഥാപ്രസംഗം  ആസ്വദിക്കുവാൻ പ്രവേശനം സൗജന്യമാണെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. അറിയിച്ചു.




# ആയുർവേദീയം; ദ്വിദിന എക്സ്പോ സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചിൻ കോർപ്പറേഷനും, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും (എ.എം.എ.ഐ), ആര്യവൈദ്യ ഫാർമസി (കോയമ്പത്തൂർ)യുമായി സഹകരിച്ച് സംഘടിപ്പിച്ച ആയുർവേദീയം എക്സ്പോ 2024, എറണാകുളം ടൗൺ ഹാളിൽ നടന്നു.

കൊച്ചി മേയർ അഡ്വ.എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.എല്ലാ വർഷവും ആയുർവേദീയം എക്സ്പോ നടത്തണമെന്നും അതിനെല്ലാ സഹകരണവും കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മേയർ പറഞ്ഞു. ആയുർവേദത്തിന് വേണ്ടി കൊച്ചി നഗരസഭ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോവിഡ് സമയത്ത് ലോകം മുഴുവൻ പകച്ച് നിന്നപ്പോൾ ആയുർവേദം പ്രതിരോധത്തിന്റെ സാധ്യതകൾ തുറന്നു കൊടുത്തതായും ലോകം മുഴുവൻ അതംഗീകരിച്ചതായും ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന എ.എം.എ.ഐ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. അജിത് കുമാർ പറഞ്ഞു. പാലിയേറ്റിവ് കെയറിൽ ആയുർവേദത്തിന് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതിനുവേണ്ടിയുള്ള പദ്ധതികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം നഗരസഭയോട് അഭ്യർത്ഥിച്ചു.

എ.എം.എ.ഐ ജില്ലാ വനിതാ കമ്മറ്റി ചെയർപേഴ്സൺ ഡോ. എലിസബത്ത് മാത്യു അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഡോ. ജിക്കു ഏലിയാസ് ബെന്നി എഴുതിയ ക്ലിനിക്കൽ ഓർത്തോപീഡിക്സ് ഇൻ ആയുർവേദ എന്ന പുസ്തകം ഡോ. അജിത് കുമാറിന് നൽകി മേയർ പ്രകാശനം ചെയ്തു. നഗരസഭാ കൗൺസിലർ പി.എസ് വിജു, ലയൺസ് ക്ലബ് ഡിസ്ട്രിട് ഗവർണർ ഡോ. ബീനാ രവികുമാർ, വൈസ്മെൻ ഇന്റർനാഷണൽ ഡിസ്ട്രിട് ഗവർണർ പീറ്റർ ഫെർണാണ്ടസ്, എ.എം.എ.ഐ സംസ്ഥന വനിതാ കമ്മറ്റി കൺവീനർ ഡോ. ടിന്റു എലിസബത്ത് ടോം, എറണാകുളം സോൺ സെക്രട്ടറി ഡോ. ജോയ്സ് പി. ജോർജ്ജ്, എ.എം.എ.ഐ ജില്ലാ പ്രസിഡന്റ് ഡോ. ജിൻഷിദ് സദാശിവൻ, ആയുർവേദിയം 2024 ജനറൽ കൺവീനർ ഡോ. ഹരിഷ് വാര്യർ, സംഘടക സമിതി ജോയിന്റ് കൺവീനർ ഡോ. ടോമി തോമസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.എക്സ്പോയുടെ ഭാഗമായി മെഗാ മെഡിക്കൽ ക്യാമ്പും പ്രദർശനവും സംഘടിപ്പിച്ചു.

രണ്ട് ദിവസമായി നടന്ന സൗജന്യ മെഗാ സ്പെഷ്യാലിറ്റി മെഡിക്കൽ കൃമ്പിന് 15 സ്പെഷ്യാലിറ്റി ഡോക്ടർമാർ നേതൃത്വം നൽകി. വാതരോഗങ്ങൾ, ബാലരോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ, ഓട്ടോഇമ്മ്യൂൺ ഡിസീസ്, ഗൈനക്കോളജി, കോസ്മെറ്റോളജി, നേത്രചികിത്സ, ത്വക് രോഗങ്ങൾ, പൈൽസ്, ഫിസ്റ്റുല, ഓർത്തോപീഡിക്സ്, സൈക്യാട്രി, മൂത്രാശയ രോഗങ്ങൾ, വന്ധ്യത, പ്രമേഹം, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾക്കുള്ള പരിശോധനയും ചികിത്സയുമാണ് ക്യാമ്പിൽ ഒരുക്കിയത്.

ആയുർവേദ കോളേജുകളുമായി സഹകരിച്ച് മെഡിക്കൽ എക്സിബിഷനും,  നാഗാർജുനയുമായി സഹകരിച്ച് ഔഷധസസ്യ പ്രദർശനവും ഒരുക്കിയിരുന്നു. ഹെൽത്തി ഫുഡ് എന്നുള്ള ആശയം മുൻനിർത്തി മില്ലറ്റുകൾ ഉപയോഗിച്ചുണ്ടാക്കിയ ഭക്ഷണങ്ങളുടേതിന് പുറമേ വിവിധതരം ആയുർവേദ കോസ്മെറ്റോളജി ഉൽപ്പന്നങ്ങളുടെയും വെറ്റിനറി ആയുർവേദ മരുന്നുകളുടെയും പ്രദർശനവും വിപണനവും നടന്നു. എക്സ്പോയുടെ സംഘാടനത്തിൽ ലയൺസ് ക്ലബ്ബും വൈസ്മെൻ ഇന്റർനാഷണലും പങ്കാളികളായിരുന്നു.



## ശ്രീശ്രീ രവിശങ്കർ വിദ്യാമന്ദിർ 22ാം വാർഷികം ആഘോഷിച്ചു

**കൊച്ചി:** ശ്രീ ശ്രീ രവിശങ്കർ വിദ്യാമന്ദിറിന്റെ 22ാം വാർഷിക ദിനം ആഘോഷിച്ചു. നർത്തകിയും  ചലച്ചിത്ര താരവുമായ ആശാ ശരത് ആഘോഷം ഉദ്ഘാടനം ചെയ്തു. 'മാതാപിതാ ഗുരു ദൈവം' എന്ന ആപ്തവാക്യത്തിന്റെ അർഥം വിശദമാക്കിയ ആശാ ശരത് സ്വന്തം മാതാവിനെ തന്നെ ഗുരുവായി ലഭിച്ചത് തന്റെ ഭാഗ്യമാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ അവർ വ്യക്തമാക്കി.പ്രിൻസിപ്പാൾ ജി ജി രാജലക്ഷ്മി, കേരളത്തിലെ എസ് എസ് ആർ വി എം സ്കൂളുകളുടെ സംസ്ഥാന തലവനും മാനേജ്മെന്റ് കൺവീനറുമായ കുമാരൻ കൊടമന, സ്കൂൾ മാനേജ്മെന്റ് അംഗങ്ങളായ ഡോ. എൻ അജിത് കുമാർ, ജി രാജഗോപാൽ കൃഷ്ണൻ, ജീവൻ ജോൺ, ലീലാമണി നാണു, ആർട്ട് ഓഫ് ലിവിങ്ങിന്റെ ജില്ലാ പ്രസിഡന്റ് ധന്യ സുനിൽ എന്നിവർ പങ്കെടുത്തു. കലാകായിക മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനദാനവും വിവിധ  കലാപരിപാടികളും സംഘടിപ്പിച്ചു.

## പാൻ ഐഐഎം കോൺഫറൻസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:**  സമ്പൽപൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ മാനേജുമെന്റിൽ നടക്കുന്ന ഒൻപതാമത് പാൻ ഐഐഎം കോൺഫറൻസ് കേന്ദ്ര വിദ്യാഭ്യാസ, ശേഷി വികസന, സംരംഭകത്വ മന്ത്രി ധർമേന്ദ്ര പ്രഥാൻ ഉദ്ഘാടനം ചെയ്തു.  സാസ്ക്കാരിക, സുസ്ഥിര മാനേജുമെന്റ് കേന്ദ്രമായ രങ്കവടി സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനത്തോടെയായിരുന്നു നാലു ദിവസത്തെ കോൺഫറൻസിന്റെ തുടക്കം.  നൃത്തവും ഗാനവും പ്രകൃതി ആരാധനയും ധനികമായ ഭക്ഷ്യ സംസ്ക്കാരവും അടക്കം ഒഡീഷയുടെ സാംസ്ക്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതായിരിക്കും ഈ കേന്ദ്രമെന്ന് ധർമേന്ദ്ര പ്രഥാൻ പറഞ്ഞു. 21 ഐഐഎമ്മുകളിൽ നിന്നുള്ള ഡയറക്ടർമാർ കോൺഫറൻസിൽ പങ്കെടുക്കും. ആയിരത്തോളം ഗവേഷണ പ്രബന്ധങ്ങളാവും കോൺഫറൻസിൽ അവതരിപ്പിക്കപ്പെടുക.



# വേനൽ കനത്തിട്ടും ജലസമൃദ്ധമായി മലങ്കര അണക്കെട്ട്

**തൊടുപുഴ:** വേനൽ കനക്കുന്പോഴും മലങ്കര ജലാശയം ജലസമൃദ്ധം. ശക്തമായ ചൂടിനെ ത്തുടർന്ന് നീർത്തടങ്ങൾ വ്യാപകമായി വറ്റി വരളുന്പോഴാണ് മലങ്കര അണക്കെട്ട് ജലസമൃദ്ധമായി മനോഹര കാഴ്ചയൊരുക്കുന്നത്.

തൊടുപുഴ മേഖലയ്ക്കു പുറമേ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള ലക്ഷക്കണക്കിനു ജനങ്ങൾക്കു ജലലഭ്യത ഉറപ്പാക്കിയാണ് മലങ്കര അണക്കെട്ട് നിറയുന്നത്. വർഷകാലത്തും വേനലിലും ഒരുപോലെ സമൃദ്ധമായി വെള്ളം ഉണ്ടാകുമെന്നതാണ് മലങ്കര നീർത്തടത്തിൻറെ പ്രത്യേകത. നിറഞ്ഞു കിടക്കുന്ന ജലാശയം കാണാൻ നൂറുകണക്കിനു സന്ദർശകരെത്തുന്നുണ്ട്.

മൂലമറ്റം വൈദ്യുതി നിലയത്തിലെ ഉത്പാദനത്തിനു ശേഷം പുറന്തള്ളുന്ന വെള്ളവും നാച്ചാർ, വലിയാർ നദികളിലെ സ്വാഭാവിക നീരൊഴുക്കും പ്രദേശത്തെ മഴലഭ്യതയുമാണ് മലങ്കര അണക്കെട്ടിൽ കത്തുന്ന വേനലിലും ജലം നിറയ്ക്കുന്നത്. ഇവിടെനിന്നുള്ള വെള്ളമാണ് തൊടുപുഴയാറ്റിലേക്ക് ഒഴുകിയെത്തുന്നത്. മലങ്കര അണക്കെട്ടിലെ ജലനിരപ്പിലുണ്ടാകുന്ന വ്യത്യാസം തൊടുപുഴയാറ്റിലെ നീരൊഴുക്കിനെയും ബാധിക്കും.

മൂലമറ്റത്തുനിന്ന് ആരംഭിച്ച് മലങ്കര അണക്കെട്ടിലൂടെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലേക്ക് ഒഴുകിയെത്തുന്ന തൊടുപുഴയാറിന് 32 കിലോമീറ്റർ ദൈർഘ്യമുണ്ടെന്നാണ് ഔദ്യോഗിക വിവരം. തൊടുപുഴയാർ ഒഴുകിയെത്തുന്ന ദൂരപരിധിയിലെ നിരവധി തദ്ദേശ സ്ഥാപനങ്ങളിലെ ജനങ്ങളുടെ ദൈനംദിന ജലവിനിയോഗത്തിൻറെ ഒരു പരിധി വരെ ഇവിടെനിന്നുള്ള നീരോഴുക്കിനെ ആശ്രയിച്ചാണിരിക്കുന്നത്.

കടുത്ത വേനലിൽ സംസ്ഥാനത്ത് ജലക്ഷാമം അതിരൂക്ഷമാകുന്പോഴും തൊടുപുഴയാറിനെ സാധാരണ ഇതു ബാധിക്കാറില്ലെന്ന് നാട്ടുകാർ പറയുന്നു. മൂലമറ്റം മുതൽ തൊടുപുഴയാർ സംഗമിക്കുന്ന മൂവാറ്റുപുഴയാർവരെയുള്ള ഇരു കരകളിലും ചെറുതും വലുതുമായ നൂറുകണക്കിനു കുടിവെള്ള പദ്ധതികളാണ് പ്രവർത്തിക്കുന്നത്.

തൊടുപുഴയാറ്റിലെ നീരൊഴുക്കിനെത്തുടർന്ന് ഇത്തരം പദ്ധതികൾ പൂർണമായും പ്രവർത്തനസജ്ജമാണ്. പതിനായിരക്കണക്കിനു ജനങ്ങൾക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള 1246 കോടിയുടെ മീനച്ചിൽ കുടിവെള്ള പദ്ധതിയും മുട്ടം, കുടയത്തൂർ, അറക്കുളം, കരിങ്കുന്നം പഞ്ചായത്ത് പ്രദേശങ്ങളിലേക്കുള്ള 102 കോടിയുടെ പദ്ധതിയും മലങ്കര അണക്കെട്ടിലെ ജലസമൃദ്ധി മുന്നിൽകണ്ടാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.

മലങ്കര അണക്കെട്ടിൽനിന്നുള്ള ഇടത്, വലതുകര കനാലുകളിലൂടെ ഏതാനും ആഴ്ചകളായി വെള്ളം കടത്തിവിടുന്നുണ്ട്. ഇതേത്തുടർന്ന് ഇടതുകര കനാൽ കടന്നുപോകുന്ന കരിങ്കുന്നം, മണക്കാട്, കുത്താട്ടുകുളം, പിറവം, വലതുകര കനാൽ കടന്നുപോകുന്ന ഇടവെട്ടി, കുമാരമംഗലം, കോതമംഗലം എന്നീ മേഖലകളിലെ നീർത്തടങ്ങൾ കടുത്ത വേനലിലും ജലസമൃദ്ധമാണ്.

മൂലമറ്റം വൈദ്യുതിനിലയത്തിൽ ഉത്പാദനം വർധിപ്പിച്ചതിനെത്തുടർന്നാണ് കനാലിലൂടെ വെള്ളം കടത്തിവിടാൻ കഴിയുന്നത്. നിലവിൽ മലങ്കര അണക്കെട്ടിലെ ജലനിരപ്പ് 41.60 മീറ്ററാണ്. ഏതാനും ആഴ്ചകളായി ഈ നിലയിലാണ് ജലനിരപ്പ്. അണക്കെട്ടിൽ 39 മീറ്ററായി ജലനിരപ്പ് ഉയർന്നെങ്കിൽ മാത്രമേ രണ്ട് കനാലിലൂടെയും വെള്ളം കടത്തിവിടാൻ സാധിക്കുകയുള്ളൂ. പരമാവധി സംഭരണ ശേഷി 42 മീറ്ററാണ്.

# റോഡ് സുരക്ഷ: 18.92 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം

**കൽപ്പറ്റ:** ജില്ലയിലെ റോഡ് സുരക്ഷാ പദ്ധതികൾക്ക് 18.92 കോടി രൂപയുടെ അംഗീകാരം. റോഡ് സുരക്ഷ സംബന്ധിച്ച നിർദേശങ്ങളും മാനന്തവാടി താലൂക്കിൽ 202223ൽ നടന്ന അപകടങ്ങളുടെ വിശദാംശങ്ങളും പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഡോ. രേണുരാജിൻറെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ റോഡ് സുരക്ഷ അതോറിറ്റി യോഗമാണ് പദ്ധതികൾ അംഗീകരിച്ചത്.ലക്കിടി, വാര്യാട്, കൃഷ്ണഗിരി, കൊളഗപ്പാറ, കമ്പളക്കാട് പള്ളിമുക്ക്, പനമരം പാലം,



മാനന്തവാടി കൊയിലേരി കൈതക്കൽ എന്നിവിടങ്ങളിൽ സ്പീഡ് ഡിറ്റക്ഷൻ കാമറ സ്ഥാപിക്കുന്നതിന് യോഗം അംഗീകാരം നൽകി.

വിദ്യാലയങ്ങൾക്ക് മുന്നിലൂടെയുള്ള പഞ്ചായത്ത് മുനിസിപ്പൽ റോഡുകളിൽ സീബ്ര ക്രോസിംഗ് മാർക്ക്, റോഡ് സുരക്ഷ ബോർഡുകൾ എന്നിവ മാർച്ച് 31നകം സ്ഥാപിക്കുന്നതിന് എൽഎസ്ജിഡി എക്സിക്യൂട്ടീവ് എൻജിനിയർക്ക് നിർദേശം നൽകി. മാനന്തവാടി താലൂക്കിൽ മോട്ടോർ വാഹനപൊതുമരാമത്ത് വകുപ്പുകൾ സംയുക്തമായി റോഡ് ഓഡിറ്റ് നടത്തിയ 201.19 കിലോമീറ്റർ ദൂരം 25ലധികം സ്ട്രെച്ചുകളായി തിരിച്ച് അപകട സാധ്യതാമേഖലകളിൽ ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് 16.92 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനു അംഗീകാരം നൽകി.

# പാലക്കാട് ജില്ലയിലെ ബാങ്കുകൾ വായ്പ നൽകിയത് 12,633 കോടി

**പാലക്കാട്:** 20232024 സാമ്പത്തിക വർഷത്തിൻറെ രണ്ടാംപാദത്തിൽ ജില്ലയിലെ ബാങ്കുകൾ ആകെ 12,633 കോടി രൂപ വായ്പ നൽകിയതായി ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ വിലയിരുത്തി.

ഇതു വാർഷിക ക്രെഡിറ്റ് പദ്ധതിയുടെ 63.05 ശതമാനമാണ്. 5646 കോടി രൂപ കൃഷി മേഖലയ്ക്കും 1965 കോടി രൂപ മൈക്രോ, സ്മോൾ ആൻഡ് മീഡിയം എൻറർപ്രൈസുകൾക്കും 567 കോടി രൂപ വിദ്യാഭ്യാസ വായ്പകൾ, ഭവന വായ്പകൾ എന്നിവ ഉൾപ്പെടെ മറ്റ് മുൻഗണനാ മേഖലകൾക്കും നൽകി.

ആകെ വായ്പയിൽ 8178 കോടി രൂപ മുൻഗണനാ മേഖലകൾക്കാണ് നൽകിയത്.

2023 സെപ്റ്റംബർ 30 വരെയുള്ള ബാങ്കുകളുടെ വായ്പ നീക്കിയിരിപ്പ് 38,074 കോടി രൂപയും നിക്ഷേപം 53,157 കോടിയുമാണ്.

ജില്ലയിലെ ബാങ്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ഡോ. എസ്. ചിത്രയുടെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിൽ കനറാ ബാങ്കിൻറെ ഡിവിഷണൽ മാനേജർ സി.കെ. ശങ്കർ മുഖ്യപ്രഭാഷണം നടത്തി.

ജില്ലയിലെ വിവിധ ബാങ്കുകളുടെ പ്രവർത്തനങ്ങളുടെ സമഗ്രമായ അവലോകനവും യോഗത്തിൽ നടന്നു.

ഡെപ്യൂട്ടി കളക്ടർ (ആർആർ) സച്ചിൻ കൃഷ്ണ, നബാർഡ് ജില്ലാ അസിസ്റ്റൻറ് ജനറൽ മാനേജർ കവിത റാം, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ലീഡ് ഡിസ്ട്രിക്റ്റ് ഓഫീസ് ഇ.കെ. രഞ്ജിത്ത്, വിവിധ ബാങ്ക്, വകുപ്പുപ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കാന്തല്ലൂരിൽ സ്ട്രോബറി വിളവെടുപ്പുകാലം

**മറയൂർ:** കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ പെരുമല ഗ്രാമത്തെ സ്ട്രോബറി വില്ലേജാക്കി മാറ്റുന്നതിനുള്ള പദ്ധതിയിൽ!പ്പെടുത്തി കൃഷിയിറക്കിയ തോട്ടത്തിൽ വിളവെടുപ്പ് ആരംഭിച്ചു. കൃഷിവകുപ്പ് ഗ്രാമപഞ്ചായത്ത്, നബാർഡ് എന്നിവയുടെ സഹായത്തോടെ വിവ ഓർഗാനിക്ക് തിയറ്റർ എന്ന സംഘടനയാണ് 25 കർഷകരെ ഉൾപ്പെടുത്തി കാന്തല്ലൂർ പഞ്ചായത്തിലെ ഒരു വാർഡ് തെരഞ്ഞെടുത്ത് സ്ട്രോബറി ഗ്രാമമാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത്.

പെരുമല ഗ്രാമത്തിനു സമീപത്തുള്ള അഞ്ച് ഏക്കർ ഭൂമിയിലാണ് ആദ്യകൃഷി ഇറക്കിയത്.സ്ട്രോബറി ഗ്രാമത്തിലെ ആദ്യ വിളവെടുപ്പ് കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. ടി. മോഹൻദാസ് ഉദ്ഘാടനം ചെയതു. ഓർഗാനിക് രീതിയിലാണ് സ്ട്രോബറി ഗ്രാമത്തിലെ കൃഷി സജ്ജീകരിച്ചിരിക്കുന്നത്.

രാജ്യത്തെ മികച്ച ടൂറിസം വില്ലേജിനുള്ള ഗോൾഡൻ അവാർഡ് നേടിയെടുത്ത കാന്തല്ലൂരിലേക്ക് എത്തുന്ന വിനോദ സഞ്ചാരികൾക്ക് കൗതുക കാഴ്ചയാണ് ഹെക്ടറുകൾ നീണ്ടുകിടക്കുന്ന സ്ട്രോബറിപ്പാടങ്ങൾ. സ്ട്രോബറിയുടെ മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദന വിപണന യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം നബാർഡ് ജനറൽ മാനേജർ എച്ച്. മനോജ്, നബാർഡ് ജില്ലാ ഡവലപ്പ്മെൻറ് മാനേജർ അജീഷ്, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി. ടി. തങ്കച്ചൻ എന്നിവർ പങ്കെടുത്തു.

# വനിതാ സംരംഭകത്വ പ്രദർശനവിപണന മേളയ്ക്ക് തുടക്കം

**കുറവിലങ്ങാട്:** വനിതാ സംഘശക്തി വിളിച്ചോതി വനിതാ സംരഭകത്വ പ്രദർശന വിപണന മേളയ്ക്ക് ഉജ്വല തുടക്കം. ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൻറെ നേതൃത്വത്തിലാണ് വനിതസംഘശക്തി വിളിച്ചറിയിക്കുന്ന വനിതാ സംരംഭകത്വ പ്രദർശന വിപണന മേള ത്രിൽസ് 2024ന് തുടക്കമിട്ടത്. നൂറുകണക്കിന് വനിതകൾ പങ്കെടുത്ത ഇരുചക്രവാഹനറാലിയോടെയാണ് മേളയ്ക്ക് തുടക്കമായത്.മേള ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.സി. കുര്യൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കുറവിലങ്ങാട്, മാഞ്ഞൂർ, കാണക്കാരി, കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി, ഉഴവൂർ, വെളിയന്നൂർ, രാമപുരം ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് മേള നടപ്പിലാക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഡോ.സിന്ധുമോൾ ജേക്കബ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ സജേഷ് ശശി, ത്രേസ്യാമ്മ സെബാസ്റ്റ്യൻ, സ്റ്റാൻഡിംഗ് കമ്മിറ്റി സ്ഥിരംസമിതി അധ്യക്ഷരായ കൊച്ചുറാണി സെബാസ്റ്റ്യൻ, ജീന സിറിയക്, പി. എൻ. രാമചന്ദ്രൻ, രാജു ജോൺ ചിറ്റേത്ത്, സിൻസി മാത്യു, കുറവിലങ്ങാട് ഗ്രാമപഞ്ചായത്തംഗം ഡാർളി ജോജി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജോഷി ജോസഫ്, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡൻറ് ഷാജി എബ്രഹാം, വ്യാപാരി സമിതി അംഗം ബേബിച്ചൻ തയ്യിൽ എന്നിവർ പ്രസംഗിച്ചു.

# കേരളം ബാല സൗഹൃദ സംസ്ഥാനമാക്കാൻ കർമ്മ പദ്ധതി തയാറാക്കും: മന്ത്രി വീണാ ജോർജ്

## വർണ്ണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന് തുടക്കം

**കൊച്ചി:** കേരളം ബാലസൗഹൃദ സംസ്ഥാനമായി മാറുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. പദ്ധതിയുമായി ബന്ധപ്പെട്ട് കർമ്മ പദ്ധതി തയ്യാറാക്കി മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ വർണ്ണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എല്ലാ കുട്ടികളും വ്യത്യസ്തരാണ്. അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. കുട്ടികളുടെ ഭാവി ശോഭനമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് വനിതാ ശിശു വികസന വകുപ്പ് നേതൃത്വം നൽകുന്നത്. വിവിധ മേഖലകളിൽ സമൂഹത്തെ നയിക്കാൻ ഒരുങ്ങുന്ന കുട്ടികൾക്ക് ഇത്തരം പരിപാടികളിലൂടെ ആത്മവിശ്വാസം പകർന്നു നൽകണം. സർക്കാർ സംരക്ഷണയിലുള്ള കുട്ടികൾക്ക് 'വർണ്ണച്ചിറകുകൾ' ഒരുക്കുമ്പോൾ സമൂഹത്തിലെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്.

കുട്ടികളുടെ ആഗ്രഹങ്ങളെ വളർത്തിയെടുക്കുന്ന വേദിയാണിത്. പ്രതിസന്ധികൾക്കിടയിലും ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാൻ അവർക്ക് പിന്തുണ നൽകണം. 1300 ലധികം കുട്ടികളാണ് മൂന്നു ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ചു. കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ സീമ കണ്ണൻ, വാർഡ് കൗൺസിലർ കെ.എ. അൻവർ, ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ, ചിൽഡ്രൻസ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ കെ.കെ. ഷാജു, എസ്. എച്ച് പ്രൊവിൻസ് ആൻഡ് മാനേജർ ബെന്നി നൽകര സി.എം.ഐ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് അസോസിയേറ്റ് ഡയറക്ടർ ബിനോയ് ജോസഫ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

കേരള വനിതാ ശിശു വികസന വകുപ്പ് സംസ്ഥാനത്തെ വിവിധ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന വർണ്ണച്ചിറകുകളിൽ ആതിഥേയ ജില്ലയായ എറണാകുളത്തെ സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോമുകളിലെ കുട്ടികളും പങ്കെടുക്കുന്നുണ്ട്. 22 മത്സര ഇനങ്ങളാണ് അഞ്ച് വേദികളിലായി അരങ്ങേറുന്നത്. ഫെസ്റ്റ് ഇന്ന് സമാപിക്കും.



# നോർക്കാ റൂട്ട്സിന്റെ ആദ്യ റീജിയണൽ സബ് സെന്ററിന് ചെങ്ങന്നൂരിൽ തുടക്കമായി

**ആലപ്പുഴ:** നോർക്ക റൂട്ട്സിന്റെ സംസ്ഥാനത്തെ ആദ്യ റീജിയണൽ സബ് സെന്റർ ഓഫീസ് ഉദ്ഘാടനം ചെങ്ങന്നൂരിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ സാന്നിദ്ധ്യത്തിൽ നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ നിർവഹിച്ചു.

നിയമസഭാംഗവും മന്ത്രിയുമായ സജി ചെറിയാൻ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ്

നോർക്ക റൂട്ട്സിൻറെ കേരളത്തിലെ ആദ്യത്തെ റീജണൽ സബ് സെന്റർ ചെങ്ങന്നൂരിൽ യാഥാർഥ്യമാകുന്നത്. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള ത്രിവേണി ബിൽഡിങ്ങിന്റെ മുകൾ നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ചടങ്ങിൽ നഗരസഭ ആക്ടിംഗ് ചെയർമാൻ മനീഷ് കിഴാമഠത്തിൽ, നോർക്ക റൂട്ട്സ് സി.ഇ.ഒ. കെ. ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, ജനപ്രതിനിധികൾ, മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

മദ്ധ്യതിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുള്ള നിയോജക മണ്ഡലമാണ് ചെങ്ങന്നൂർ. ദിനം പ്രതി നൂറുക്കണക്കിന് ആളുകളാണ് ചെങ്ങന്നൂരിൽ നിന്നും സമീപപ്രദേശങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ, പഠന ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നത്. നിലവിൽ നോർക്കയുടെ പ്രധാന സേവനങ്ങൾ തിരുവനന്തപുരം, എറണാകുളം ഓഫീസുകളിൽ നിന്നുമാണ് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഇവിടെ നോർക്കയുടെ റീജണൽ സബ് സെന്റർ ആരംഭിക്കുക എന്നത് മദ്ധ്യതിരുവിതാംകൂറിലെ ജനങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. ഈ വിഷയം 2023 ജനുവരിയിൽ കൂടിയ നോർക്ക റൂട്ട്സിൻറെ ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും ചെങ്ങന്നൂർ നോർക്കയുടെ ഓഫീസ് ആരംഭിക്കുവാൻ തീരുമാനിക്കുകയായിരുന്നു.

ചെങ്ങന്നൂരിൽ പുതിയ ഓഫീസ് നിലവിൽ വരുന്നതോടെ നോർക്ക റൂട്ട്സിൻറെ തിരുവനന്തപുരം റീജണൽ സെന്ററിൽ നിന്നും ലഭ്യമായ എല്ലാ സേവനങ്ങളുടെയും വിശദാംശങ്ങൾ ഈ ഓഫീസിൽ നിന്ന് ലഭിക്കും. ആലപ്പുഴ ജില്ലക്കാർക്ക് മാത്രമല്ല പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലയിൽ ഉള്ള പ്രവാസികൾക്കും ഓഫീസിൻറെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

2016 ന്റെ തുടക്കത്തിൽ 13 സർക്കാർ പദ്ധതികളാണ് പ്രവാസി ക്ഷേമം മുൻനിർത്തി നടപ്പിലാക്കിയിരുന്നതെങ്കിൽ 202324 കാലയളവിൽ 22 പദ്ധതികളായി. പദ്ധതികളുടെ നടത്തിപ്പിനായി നോർക്ക വകുപ്പിന് 201617 കാലയളവിൽ 25.39 കോടി രൂപയാണ് അനുവദിച്ചതെങ്കിൽ ഇന്ന് 202324 സാമ്പത്തിക വർഷത്തിൽ അത് 147.51 കോടി രൂപയായി വർദ്ധിച്ചു. നോർക്ക റൂട്ട്സിന് കേരളത്തിൽ തിരുവനന്തപുരത്ത് ആസ്ഥാന കാര്യാലയത്തിന് പുറമെ മൂന്ന് റീജിയണൽ ഓഫീസുകളും 11 ജില്ല സെല്ലുകളും, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി രണ്ട് എൻ.ആർ.കെ. ഡെവലപ്മെൻറ് ഓഫീസുകളും 4 സാറ്റലൈറ്റ് ഓഫീസുകളുമാണ് ഉള്ളത്.

# മലരിക്കൽ ഗ്രാമീണ ജലടൂറിസം മേളയ്ക്ക് തുടക്കമായി

**കോട്ടയം:** അഞ്ചാമത് മലരിക്കൽ ഗ്രാമീണ ജലടൂറിസം മേളയ്ക്ക് തുടക്കമായി. മലരിക്കൽ നടന്ന പരിപാടി നദി പുന സംയോജന പദ്ധതി കോഓഡിനേറ്റർ അഡ്വ .കെ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അജയൻ കെ മേനോൻ അധ്യക്ഷത വഹിച്ചു.

മീനച്ചിലാറ്റിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പുസ്തകം രചിച്ച ഡോ.ലതാ പി ചെറിയാനെ രാഷ്ട്രീയ പാർട്ടി പ്രതിനിധിയായ വി.ബി ബിനു ആദരിച്ചു. 33 വർഷത്തെ സേവനത്തിനു ശേഷം കിളിരൂർ എസ്.എൻ.ഡി.പി സ്കൂളിൽ നിന്നും വിരമിച്ച പി. ഗീത ടീച്ചറെ കോട്ടയം സഹകരണ കാർഷിക ബാങ്ക് പ്രസിഡൻറ് അഡ്വ.ജി ഗോപകുമാർ ആദരിച്ചു. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രശ്മി പ്രസാദ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

മേളയുടെ ഭാഗമായി ഫ്യൂഷൻ തിരുവാതിര, വാമൊഴി പാട്ടുകൾ , ഡാൻസ് പരിപാടികൾ എന്നിവ അരങ്ങേറി.

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്, മലരിക്കൽ ടൂറിസം സൊസൈറ്റി, ജെ ബ്ലോക്ക്, തിരുവായ്ക്കരി പാടശേഖര സമിതികൾ കാഞ്ഞിരംതിരുവാർപ്പ് സർവീസ് സഹകരണ ബാങ്കുകൾ, തിരുവാർപ്പ് മത്സ്യതൊഴിലാളി സഹകരണ സംഘം എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഗ്രാമീണ ജല ടൂറിസം മേള നടത്തുന്നത്.

# മെഷീനറി എക്സ്പോയുടെ ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** അടുത്ത മാസം 10 മുതൽ 13വരെ കേരള വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന മെഷിനറി എക്സ്പോ 2024ന്റെ ലോഗോ നിയമ, വ്യവസായ, കയർ മന്ത്രി പി രാജീവ് പ്രകാശനം ചെയ്തു. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിലാണ് മെഷീനറി എക്സ്പോയുടെ ആറാംപതിപ്പ് നടക്കുന്നത്.

ലോഗോ പ്രകാശനത്തിൽ ജനറൽ മാനേജരും എക്സ്പോ സംഘാടക സമിതി ജനറൽ കൺവീനറുമായ പി എ നജീബ്, ജില്ല വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ജി പ്രണബ്, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ജോസ് എന്നിവർ പങ്കെടുത്തു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന മെഷീനറികൾ പ്രദർശിപ്പിക്കുകയാണ് എക്സ്പോ 2024 ലക്ഷ്യം വയ്ക്കുന്നത്. മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജീസ്, സിഎൻസി മെഷീനുകളും സിസ്റ്റങ്ങളും എസ്പിഎമ്മുകൾ, വിവിധ മേഖലകൾക്കായുള്ള മറ്റ് നൂതന പ്രോസസ്സിംഗ്, പാക്കേജിംഗ് മെഷീനറികൾ എന്നിവയ്ക്കു ഊന്നൽ നൽകി ഏറ്റവും പുതിയ ട്രെൻഡുകൾ പ്രദർശനത്തിലുണ്ടാകും.

# ഗോ ബ്ലൂ ക്യാമ്പയിൻ : പ്രത്യേകം കവറുകളിൽ ആന്റിബയോട്ടിക്ക് മരുന്നുകൾ വിതരണം ചെയ്യും

**കൊച്ചി:** ആന്റിമൈക്രോബിയൽ റെസിസ്റ്റൻസിനെതിരെ ലോകരോഗ്യ സംഘടനയുടെ ഗോ ബ്ലൂ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലാ ആരോഗ്യ വകുപ്പ്. ക്യാമ്പയിനിനോടബന്ധിച്ച് ആന്റിബയോട്ടിക് പ്രതിരോധം തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ആന്റിബയോട്ടിക് മരുന്നുകൾ വിതരണം ചെയ്യാൻ ബോധവത്കരണ നിർദ്ദേശങ്ങൾ അടങ്ങിയ പ്രത്യേകം തയ്യാറാക്കിയ നീല നിറമുള്ള കവർ ഉപയോഗിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.സക്കീന. നിർദ്ദേശിച്ചു.

എരൂർ കുടുംബരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് സുഭാഷ് ആണ് ആന്റിബയോട്ടിക് മരുന്നുകൾ രോഗികൾക്കു പെട്ടന്ന് തിരിച്ചറിയുന്നതിന് പ്രത്യേകം കളർ കോഡുള്ള കവർ വേണമെന്ന ആശയം അവതരിപ്പിച്ചത്. ആന്റിമൈക്രോബിയൽ സംസ്ഥാന നോഡൽ ഓഫീസർ ഡോ. പി എസ് ശിവപ്രസാദ്, ആന്റിമൈക്രോബിയൽ വർക്കിംഗ് കമ്മിറ്റി കൺവീനർ ഡോ.ആർ.അരവിന്ദ് , എരൂർ കുടുംബരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് എൻ എസ്സ് സുഭാഷ്എന്നിവർ ചേർന്നാണ് വിതരണത്തിനുള്ള നീല നിറത്തിലുള്ള നിർദ്ദേശങ്ങൾ അടങ്ങിയ മരുന്ന് കവർ തയ്യാറാക്കിയത്.

ഇത്തരം കളർ കോഡിലുള്ള കവറിലൂടെ ആന്റിബയോട്ടിക് വിതരണം ചെയ്താൽ രോഗികൾക്ക് ആന്റിബയോട്ടിക് മരുന്ന് പെട്ടന്ന് തിരിച്ചറിയാനും അതിലൂടെ ആന്റിബയോട്ടിക്ക് മരുന്നുകളുടെ ദുരുപയോഗം തടയുവാനും സാധിക്കും. ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കും.




# സൗത്ത് ഇന്ത്യൻ ബാങ്ക് എംഎസ്എംഇ സംരംഭകർക്ക് ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** ചെറുകിട, ഇടത്തരം ബിസിനസ് സംരംഭങ്ങളുടെ വളർച്ചയും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സൗത്ത് ഇന്ത്യൻ ബാങ്ക് സംരംഭകർക്കായി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. ബിഎൻഐയുമായി സഹകരിച്ചായിരുന്നു പരിപാടി. എംഎസ്എംഇ സംരംഭങ്ങളുടെ വളർച്ച, വിജയകരമായ നേതൃമാറ്റ തന്ത്രങ്ങൾ, ബിസിനസ് തുടർച്ച ഉറപ്പാക്കൽ എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിവിധ സെഷനുകൾ നടന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ബിസിനസ് ഓഫീസറുമായ തോമസ് ജോസഫ് കെ ആമുഖ പ്രസംഗം നടത്തി. ഡെന്റ്കെയർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോൺ കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തി. ആക്ഷൻ കോച്ചിലെ ബിസിനസ് കോച്ചും ബിഎൻഐ എറണാകുളം ഇടുക്കി എക്സിക്യൂട്ടീവ് ഡയറക്ടറുമായ അനിൽ കുമാർ ജി പ്രധാന സെഷനു നേതൃത്വം നൽകി. ബിസിനസ് രംഗത്തെ ഫലപ്രദമായ പിന്തുടർച്ച ആസൂത്രണത്തെക്കുറിച്ചും ബിസിനസ്സ് വളർച്ച നിലനിർത്തുന്നതിൽ അതിന്റെ നിർണായക പങ്കിനെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

പരിപാടിയുടെ ഭാഗമായി ബിസിനസിലെ നൂതനാശയങ്ങളും പ്രായോഗിതകയുമെന്ന വിഷയത്തിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചു. ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ചീഫ് എക്സിക്യൂട്ടീവ് വെങ്കിട്ടരാമൻ ആനന്ദ്, ലക്ഷ്യ സ്ഥാപകൻ ഓർവെൽ ലയണൽ, സ്റ്റാർട്ടപ്പ് വില്ലേജ് സ്ഥാപക സിഇഒയും ബിസിനസ് കൺസൾട്ടന്റുമായ സിജോ കുരുവിള ജോർജ്, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ (കളക്ഷൻ, റിക്കവറി & എം.എസ്.എം.ഇ) സെന്തിൽ കുമാർ ചർച്ചയിൽ പങ്കെടുത്തു. ബിഎൻഐ എറണാകുളം, ഇടുക്കി അസിസ്റ്റന്റ് ഏരിയ ഡയറക്ടർ രാജേഷ് ഗോപിനാഥൻ ചർച്ച നിയന്ത്രിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് എറണാകുളം റീജനൽ ഹെഡും ജോയിന്റ് ജനറൽ മാനേജരുമായ കൃഷ്ണ കുമാർ പി നന്ദി പറഞ്ഞു.




## മെഷീനറി എക്സ്പോ: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** അടുത്ത മാസം 10 മുതൽ 13വരെ കേരള വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന മെഷിനറി എക്സ്പോ 2024ന്റെ ലോഗോ മന്ത്രി പി രാജീവ് പ്രകാശനം ചെയ്തു. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിലാണ് മെഷീനറി എക്സ്പോയുടെ ആറാംപതിപ്പ് നടക്കുന്നത്. ലോഗോ പ്രകാശനത്തിൽ ജനറൽ മാനേജരും എക്സ്പോ സംഘാടക സമിതി ജനറൽ കൺവീനറുമായ പി എ നജീബ്, ജില്ല വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ജി പ്രണബ്, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി ജോസ് എന്നിവർ പങ്കെടുത്തു.സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന മെഷീനറികൾ പ്രദർശിപ്പിക്കുകയാണ് എക്സ്പോ 2024 ലക്ഷ്യംവയ്ക്കുന്നത്. മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജീസ്, സിഎൻസി മെഷീനുകളും സിസ്റ്റങ്ങളും എസ്പിഎമ്മുകൾ, വിവിധ മേഖലകൾക്കായുള്ള മറ്റ് നൂതന പ്രോസസ്സിംഗ്, പാക്കേജിംഗ് മെഷീനറികൾ എന്നിവയ്ക്കു ഊന്നൽ നൽകി ഏറ്റവും പുതിയ ട്രെൻഡുകൾ പ്രദർശനത്തിലുണ്ടാകും

# 5 ലക്ഷം വാണിജ്യ വാഹനങ്ങൾ ഡിജിറ്റലി കണക്ട് ചെയ്ത് ടാറ്റ മോട്ടോർസ് ഫ്ളീറ്റ് എഡ്ജ്

**കൊച്ചി:** വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസിന്റെ ഡെഡിക്കേറ്റഡ് കണക്ടഡ് വെഹിക്കിൾ പ്ലാറ്റ്ഫോമിൽ ഇതുവരെ ബന്ധിപ്പിച്ചത് 5 ലക്ഷം വാണിജ്യ വാഹനങ്ങൾ. മികവുറ്റ ഫ്ളീറ്റ് എഡ്ജ് മാനേജ്മെന്റിനായി തയ്യാറാക്കിയിരിക്കുന്ന ഫ്ളീറ്റ് എഡ്ജ് സ്മാർട് ടെക്നോളജികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വാഹനത്തിന്റെ അപ്ടൈം ഉയർത്തുകയും റോഡ് സുരക്ഷിതത്വം മെച്ചപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ടാറ്റ മോട്ടോർസ് ഡിജിറ്റൽ ബിസിനസ് ഹെഡ് ഭരത് ഭൂഷൻ പറഞ്ഞു.

വാഹനത്തിന്റെ നില, സ്ഥലം, ഡ്രൈവറുടെ സ്വഭാവം എന്നിങ്ങനെ കണക്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ വാഹനങ്ങളുടേയും അതാത് സമയത്തെ വിവരങ്ങൾ യഥാസമയം ഈ പ്ലാറ്റ്ഫോമിൽ പങ്കുവെക്കപ്പെടും. ഇതിലൂടെ വാഹന ഉടമകൾക്കും ഫ്ളീറ്റ് മാനേജർമാർക്കും പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുവാനും ലോജിസ്റ്റിക്സ് ചെലവ് കുറക്കുവാനും ലാഭം ഉയർത്തുവാനും സാധിക്കും.ചരക്ക് ഗതാഗതം കൂടുതൽ സുഗമവും തടസ്സങ്ങളില്ലാത്തതുമാക്കുന്നതിനായി ടാറ്റാ മോട്ടോർസ് എപ്പോഴും പ്രതിജ്ഞാബദ്ധരാണ്. ശക്തമായ വാല്യു പൊസിഷനും, ഡാറ്റ അടിസ്ഥാനമാക്കിയുള്ള ഇന്റലിജൻസും തത്സമയ സ്ഥിതിവിവരങ്ങളും ഉപയോഗിച്ച് കൂടുതൽ സ്മാർടായ ഫ്ളീറ്റ് മാനേജ്മെന്റ് സാധ്യമാക്കുന്നു. ലക്ഷക്കണക്കിനുള്ള ഞങ്ങളുടെ ഉപഭോക്താക്കൾക്ക് പൂർണ സംതൃപ്തി നൽകുന്ന സേവനങ്ങൾക്കൊപ്പം ട്രക്ക് ഉടമസ്ഥതയുടെ മൊത്തം ചെലവിലും ഇളവ് വരുത്തുവാൻ സാധിക്കുന്നു. യഥാർത്ഥ പങ്കാളികൾ എന്ന നിലയിൽ, ഞങ്ങളുടെ ഉപഭോക്താക്കളുടെ ബിസിനസുകൾ കൂടുതൽ വിജയകരമാക്കാൻ ഞങ്ങൾ അവരുമായി അടുത്ത് പ്രവർത്തിക്കുന്നുവെന്നും ഭരത് ഭൂഷൻ പറഞ്ഞു.വാഹനത്തിന്റെ പ്രകടനം നിരന്തരം നിരീക്ഷിക്കുന്നതിനും സമയബന്ധിതമായ അറ്റകുറ്റപ്പണികൾക്കായി തയ്യാറായ അലേർട്ടുകൾ ഉപയോഗിച്ച് അതിന്റെ പ്രവർത്തനസമയം വർദ്ധിപ്പിക്കുന്നതിനും വാഹനത്തിൽ മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്തിട്ടുള്ള വിവിധ സെൻസറുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു ഉപയോക്തൃസൗഹൃദ ഇന്റർഫേസുമായാണ് ഫ്ലീറ്റ് എഡ്ജ് വരുന്നത്. ഇന്ധന ഉപഭോഗം കുറയ്ക്കുന്ന വഴികൾ നിർദ്ദേശിക്കുന്നതിനും ഡ്രൈവിംഗ് പെരുമാറ്റം ട്രാക്കുചെയ്യുന്നതിനും ഇത് ഡ്രൈവിംഗ് പാറ്റേണുകൾ വിശകലനം ചെയ്യുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com